**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3839. 17.12.2015 ൽ മറുപടിയ്ക്ക്.**

**ആധുനികവൽക്കരണത്തിനായി വാങ്ങുന്ന ഉപകരണങ്ങളുടെ നിലവാരമില്ലായ്മ**

| ചോദ്യം<br>ശ്രീമതി. അയിഷാപോറ്റി | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|
| (എ) ട്രാഫിക് നിയമ ലംഘനവും മറ്റും കണ്ടുപിടിയ്ക്കുന്നതിനായി സ്ഥാപിയ്ക്കുന്ന ക്യാമറകൾ വളരെ വേഗത്തിൽ തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തകരാറ് ശ്രദ്ധയിൽ -പ്പെടുമ്പോൾ തന്നെ സിഗ്നൽ വയലേഷൻ ഡിറ്റക്ഷൻ സംവിധാനത്തിന് സാങ്കേതിക സഹായം നൽകുന്ന ഏജൻസിയുമായി ബന്ധപ്പെട്ട് കേടുപാടുകൾ തീർക്കുന്ന തിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്. |
| (ബി) മോട്ടോർ വാഹന വകുപ്പ് ആധുനികവൽക്കരണത്തിന്റെ പേരിൽ വാങ്ങുന്ന വിവിധ ഉപകരണങ്ങൾ നിലവാരമില്ലാത്തവ യാണെന്നുള്ള കാര്യം ബോധ്യ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) & (സി) ആധുനികവത്കരണത്തിനായി നിലവിൽ ലഭ്യമാവുന്ന ഏറ്റവും പുതിയ തരത്തിലുള്ള ഉപകരണങ്ങളാണ് മോട്ടോർ വാഹന വകുപ്പ് വാങ്ങുന്നത്. ഇതിനായി വകുപ്പിന് പുറത്തുനിന്നുള്ള വിദഗ്ധരുൾപ്പെടെയുള്ള ഒരു ടെക്നിക്കൽ കമ്മറ്റി അംഗീകരിച്ച ഉപകരണങ്ങൾ മാത്രമാണ് ടെണ്ടർ നടപടികൾക്ക് ശേഷം വാങ്ങുക. ഇങ്ങനെ തിരഞ്ഞെടുത്ത് വാങ്ങുന്ന ആധുനിക ഉപകരണങ്ങൾക്ക് ആവശ്യമായ വാറണ്ടി ഉറപ്പ് വരുത്തുന്നുമുണ്ട്. ഇതിനുശേഷം വാർഷിക അറ്റകുറ്റപ്പണികൾക്കായി കമ്പനിയുമായി കരാറുകളിലും (Annual |
| (സി) പ്രസ്തുത ഉപകരണങ്ങൾക്ക് മതിയായ നിലവാരം ഉറപ്പ് വരുത്തുവാനായി സർക്കാർ സ്വീകരിയ്ക്കാനുദ്ദേശിയ്ക്കുന്ന നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | |

| | | | |
|---|---|---|---|
| | | | maintenance Contract) ഏർപ്പെടാറുണ്ട്. മോട്ടോർ വാഹന വകുപ്പ് പുതുതായി വാങ്ങുന്ന ഉപകരണങ്ങൾ ശരിയായി പ്രവർത്തിയ്ക്കുന്നുവെന്ന് മേൽപ്പറഞ്ഞ നടപടികളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.